സ.ഉ.(സാധാ) നം.7173/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി - 1 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പശ്ചാത്തല സൗകര്യത്തിന് തെരഞ്ഞെടുക്കപ്പെട്ട 446 സ്കൂളുകളിൽ ഉൾപ്പെട്ട 35 സ്കൂളുകളുടെ നിർമ്മാണം സാധ്യമാകാത്ത സാഹചര്യത്തിൽ പകരം സ്കൂളുകൾ ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

സ.ഉ.(സാധാ) നം.7173/2022/GEDN തീയതി,തിരുവനന്തപുരം, 23-11-2022

പരാമർശം:-

1. 18.06.2019 തീയതിയിലെ സ.ഉ(സാ.ധാ)നം.2396/2019/പൊ.വി.വ നമ്പർ ഉത്തരവ് .
2. 16.06.2022 തീയതിയിലെ സ.ഉ(സാ.ധാ)നം.3632/2022/പൊ.വി.വ നമ്പർ ഉത്തരവ് .
3. വിദ്യാകിരണം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17.10.2022 ലെ 71/2019/KEM നമ്പർ കത്ത്

ഉത്തരവ്

1 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പരാമർശം (1) പ്രകാരം പശ്ചാത്തല സൗകര്യത്തിന് തെരഞ്ഞെടുക്കപ്പെട്ട 446 സ്കൂളുകളിൽ ഉൾപ്പെട്ട 35 സ്കൂളുകളുടെ നിർമ്മാണം സാധ്യമാകാത്ത സാഹചര്യത്തിൽ പകരം സ്കൂളുകളെ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ സ്കൂൾ കോഡ് ഇല്ലാത്തതും പേരിൽ മാറ്റമുള്ളതുമായ സ്കൂളുകളുടെ വിവരം പരാമർശം (3) പ്രകാരം വിദ്യാകിരണം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിൽ സ്കൂൾ കോഡ് ഇല്ലാത്തതും പേരിൽ മാറ്റമുള്ളതുമായ ചുവടെ ചേർക്കുന്ന സ്കൂളുകളുടെ വിവരം ഉൾപ്പെടുത്തി ടി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

നം.	ജില്ല	സ്കൂളിന്റെ പേര്.	ഭേദഗതി വരുത്തിയത്
1.	കൊല്ലം (Sl.No.- 6)	GLPS കോയിപ്പാട്	GLPS കോയിപ്പാട് (സ്കൂൾ കോഡ്- 41511)
2.	കോഴിക്കോട് (Sl.No.- 23)	GLPS കൂടൽ (സ്കൂൾ കോഡ് - 38705)	GLPS കൂടലിൽ (സ്കൂൾ കോഡ്- 16415)
3.	കോഴിക്കോട് (Sl.No.-	ഗവ.മോഡൽ	ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ

	24)	ഹയർസെക്കന്ററി സ്കൂൾ	കോഴിക്കോട് (സ്കൂൾ കോഡ്-HSE 10006)
4.	കണ്ണൂർ (Sl.No.- 28)	GUPS മുഴക്കടം	GUPS മുഴത്തടം (സ്കൂൾ കോഡ്- 13375)

3. പരാമർശം (1), (2) ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ എം

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിദ്യാകിരണം, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം

ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ

ധനകാര്യവകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Namitha T

Date: 23-11-2022 17:01:02

സെക്ഷൻ ഓഫീസർ